LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷിക്കാനുള്ള പ്രായപരിധി കഴിഞ്ഞിട്ടുണ്ട്. ഈ നൂറ്റാണ്ടിൽ ഒരു തൊഴിൽ സുരക്ഷിതത്വമില്ലാത്ത വിഭാഗമാണ് എച്ച്.ആർ. ജീവനക്കാർ. കഠിനാധ്വാനം ചെയ്യുന്ന ഇക്കൂട്ടരുടെ സേവനം പൂർണ്ണമായി ഇല്ലാതാക്കിക്കൊണ്ട് വാട്ടർ അതോറിറ്റിയുടെ സുഗമമായ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ കഴിയില്ല. കരാർ കമ്മീഷൻപോലും വിവിധ ഡിവിഷനുകളിൽ വ്യത്യസ്ഥമായിട്ടാണ് ഇവരിൽനിന്നും ഈടാക്കുന്നത്. സംസ്ഥാന അടിസ്ഥാനത്തിൽ ഏകീകൃത വേതനംപോലും ഇവർക്ക് ലഭിക്കുന്നില്ല. ഇതുസംബന്ധിച്ച് ധാരാളം നിവേദനങ്ങൾ ജനപ്രതിനിധികൾക്ക് ലഭിക്കുന്നുണ്ട്. വിവിധ വകുപ്പുകളിലെ കരാർ തൊഴിലാളികളെ കാലാകാലങ്ങളിൽ അധികാരത്തിലിരുന്ന സർക്കാരുകൾ സ്ഥിരപ്പെടുത്തുകയുണ്ടായി. കൂടാതെ ആയിരക്കണക്കിന് തൊഴിലാളികളെ കാഷ്വൽ ലേബറേഴ്സ് ആയി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ എച്ച്.ആർ. ജീവനക്കാരോടുള്ള ചൂഷണം അവസാനിപ്പിക്കുന്നതിനും ഇവരുടെ സേവന-വേതന വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നതിനും എല്ലാ കരാർ എച്ച്.ആർ. ജീവനക്കാരെയും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് മാതൃകയിൽ എസ്.എൽ.ആർ. ആക്കി തൊഴിൽസ്ഥിരത നൽകുന്നതിനുള്ള നടപടികൾ ഗവൺമെന്റ് ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, കേരള വാട്ടർ അതോറിറ്റിയിൽ പമ്പിംഗ് ജോലികൾക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുമാണ് നിയമനം നടത്തുന്നത്. എന്നാൽ അത്യാവശ്യ ഘട്ടങ്ങളിൽ പമ്പിംഗ് ജോലികൾ കരാറുകാർവഴി നടത്താറുണ്ട്. കാരാറുകാർ നിയമിക്കുന്ന തൊഴിലാളികൾക്ക് ജല അതോറിറ്റിയുമായി യാതൊരു ബന്ധവുമില്ല. കരാറുകാരുടെ ജോലിക്കാർ എന്നുള്ള നിലയിലാണ് ജോലി ചെയ്യുന്നത്. അതുകൊണ്ട് അവരെ സ്ഥിരപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(3) കൃഷിനാശം സംഭവിച്ചവർക്ക് ധനസഹായം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട പുല്ലഴി കോൾപ്പടവ് സഹകരണ സംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന പടവിൽ ഏതാണ്ട് 720 ഏക്കർ സ്ഥലം കോൾനിലമായി കൃഷി ചെയ്യുന്നുണ്ട്. ഇക്കൊല്ലം വിളവെടുപ്പ് നടക്കാനിരിക്കെ കൃഷി ആരംഭിച്ച് ഫെബ്രുവരി, മാർച്ച് മാസത്തിൽ കൊയ്ത്ത് നടത്തുന്ന ലേറ്റ് മുണ്ടകൻ കൃഷിയാണ് ഇറക്കിയത്. വിളവെടുപ്പ് ആരംഭിക്കാനിരുന്ന സാഹചര്യത്തിലാണ് 11-2-2016-ൽ ശക്തമായ കാറ്റും മഴയും കാരണം കൊയ്യാറായ നിലങ്ങൾ മുഴുവനും വെള്ളം കയറുകയും നെൽച്ചെടികൾ വീണും മഹാനഷ്ടം വന്നു. ഈ ദുരന്തം കർഷകർക്ക് താങ്ങാവുന്നതിലും ഏറെയാണ്.

ഏറ്റവും നല്ല നിലയിൽ കൃഷിയെടുത്ത് നെൽക്കതിർ അവാർഡ് സംസ്ഥാന തലത്തിൽ വാങ്ങിയ ഈ പാടശേഖരത്തിലുണ്ടായ ദുരന്തത്തിൽ കർഷകർക്ക് അടിയന്തരമായി ആശ്വാസവും സഹായധനവും നൽകാൻ ബഹുമാനപ്പെട്ട സർക്കാരിനോട് ഞാൻ ആവശ്യപ്പെടുകയാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, തൃശ്ശൂർ ജില്ലയിലെ അയ്യന്തോൾ കൃഷിഭവൻ പരിധിയിലെ പുല്ലഴി പാടശേഖരത്തിൽ 11-2-2016-ൽ ഉണ്ടായ ശക്തമായ മഴയിൽ 90 മുതൽ 105 ദിവസം വരെ പ്രായമുള്ള നെൽച്ചെടികൾ വെള്ളംകയറി നശിച്ചിട്ടുണ്ട്. 10 മുതൽ 20 ദിവസത്തിനുള്ളിൽ വിളവെടുക്കാൻ പാകമായി നിന്നിരുന്ന 230 ഹെക്ടർ സ്ഥലത്തെ കൃഷി ഇപ്രകാരം നശിച്ചിട്ടുണ്ട്. 753 കർഷകർക്കായി ഏകദേശം 45 ലക്ഷം രൂപയുടെ വിളനാശം സംഭവിച്ചതായി പ്രാഥമിക കണക്കുകൾ സൂചിപ്പിക്കുന്നു. പാടശേഖരത്തിൽനിന്നും വെള്ളം ഒഴുക്കിക്കളയുന്ന ജോലി നടന്നുവരുന്നു. യഥാർത്ഥ നാശനഷ്ടം കണക്കാക്കി നഷ്ടപരിഹാരം നൽകാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(4)വെൺപകൽ എൽ.പി.ബി.എസ്-നെ യു.പി.എസ്. ആയി ഉയർത്തൽ

ശ്രീ. ആർ. സെൽവരാജ്: സർ, നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ അതിയന്നൂർ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന രണ്ട് എൽ.പി. സ്കൂളുകൾ അതിയന്നൂർ വെൺപകൽ റോഡിന്റെ ഇരുവശത്തുമായി സ്ഥിതി ചെയ്യുകയാണ്. രണ്ട് എൽ.പി. സ്കൂളുകളിലും അദ്ധ്യാപകരും വിദ്യാർത്ഥികളും വളരെ കുറവാണ്. അതിൽ ഒരു എൽ. പി. സ്കൂൾ യു.പി. സ്കൂളായി ഉയർത്തിയാൽ അധിക ബാധ്യതയില്ലാതെ രണ്ട് സ്കൂളും നിലനിൽക്കുകയും അതുപോലെത്തന്നെ അദ്ധ്യാപകരെ നിലനിർത്താനും സാധിക്കുകയും ചെയ്യും. അതിൽ ഒരു എൽ.പി. സ്കൂളിനെ യു.പി. സ്കൂളായി ഉയർത്തണം എന്നുള്ളതാണ് എന്റെ സബ്മിഷൻ.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, തിരുവനന്തപുരം റവന്യൂ ജില്ലയിലെ നെയ്യാറ്റിൻകര വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട വെൺപകൽ ഗവൺമെന്റ് ബോയ്സ് സ്കൂളിലും ഗവൺമെന്റ് എൽ.പി. ഗേൾസ് സ്കൂളിലും ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ പരിശോധനയിൽ പ്രസ്തുത രണ്ട് സ്കൂളുകളിലും കുട്ടികളുടെ എണ്ണം വളരെ കുറവാണെന്ന് കാണുകയും ഇത് സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുമെന്നതിനാൽ രണ്ട് സ്കൂളുകളെയും ലയിപ്പിച്ച് ഒറ്റ സ്കൂളായി പ്രവർത്തിപ്പിക്കുവാൻ ശിപാർശ ചെയ്യുകയുമുണ്ടായി. ഇതേ തുടർന്ന് സർക്കാർ നിർദ്ദേശ പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ 6-5-2015-ൽ പ്രസ്തുത സ്കൂളുകൾ സന്ദർശിച്ചശേഷം സമർപ്പിച്ച റിപ്പോർട്ടിൽ ഇരു സ്കൂളുകളിലേയും

LIBRARY ARCHIVES Kerala Legislative Assembly